വാരാന്ത്യപതിപ്പ് ലക്കം-32 | DECEMBER 26 - JANUARY 1

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## ഉള്ളടക്കം

### എൻ.എസ്.എസ് വാർത്തകൾ

'അഭയം' കട്ട്ല വച്ചു
പേജ് 1
സാഥി 2021- നാലാം ദിനം
പേജ് 1
സാഥി 2021- അഞ്ചാം ദിനം
പേജ് 2
സാഥി 2021 - ആറാം ദിനം.
പേജ് 2
സാഥി : സമാപനസമ്മേളനം
പേജ് 3
ട്രാഷ് ഇറ്റ് തൃശ്ശൂർ: ഡിസ്ട്രിക്ട് എജ്യൂക്കേഷണൽ ഓഫീസ്
പേജ് 4
ട്രാഷ് ഇറ്റ് തൃശ്ശൂർ: തൃശ്ശൂർ വില്ലേജ് ഓഫീസ്
പേജ് 4
ഹർനാസ് സന്ധു
പേജ് 5
ഒരു പുതുവത്സരം കൂടി -2022
പേജ് 5
ആഗോള കുടുംബ ദിനം
പേജ് 5
അഗ്വഞ്ചർ
പേജ് 6
ചോദ്യം ഉത്തരം
പേജ് 7
അക്ഷരാഗ്നി
പേജ് 7
ചിന്താവിഷയം
പേജ് 8




'അഭയം' കട്ടിള വച്ചു

# എൻ.എസ്.എസ്. വാർത്തകൾ

## 'അഭയം' കട്ടിള വച്ചു

എൻ എസ് എസിന്റെ സ്വപ്ന പദ്ധതിയായ അഭയം ഭവന നിർമ്മാണ പദ്ധതിയുടെ കട്ടിള വയ്പ്പ് പ്രോഗ്രാം ഓഫീസർ പ്രൊഫ. രഞ്ജിത്ത് വർഗീസിന്റെ നേതൃത്വത്തിൽ ഡിസംബർ മുപ്പതിന് നടത്തി.





## സാഥി 2021- നാലാം ദിനം

ക്യാമ്പിന്റെ നാലാം ദിനമായ ഡിസംബർ ഇരുപത്തിയാറിന് രാവിലെ ആറരയുടെ അസംബ്ലിയോടെ പ്രവർത്തനങ്ങൾ ആരംഭിച്ചു. തുടർന്ന് യോഗക്ലാസ്സ് നടന്നു. രാവിലെ  സെക്സ് എഡ്യുക്കേഷൻ, ഇന്ററാക്റ്റീവ് സെഷൻ ,ഡിബേറ്റ് എന്നിവ നടത്തി. ക്ലാസ്സിന്റെ ആദ്യ ഘട്ടം ജെൻഡർ എഡ്യുക്കേഷൻ എന്ന വിഷയത്തിൽ രണ്ടാം വർഷ ഗണിത വിദ്യാർത്ഥിനി ഐറിൻ ക്ലാസ്സെടുത്തു. ശേഷം ജെൻഡർ ഇക്വാലിറ്റിയെക്കുറിച്ച് ഡോ.ജയശ്രീ ഓൺലൈനായി സംസാരിച്ചു. എക്സിക്യൂട്ടീവ് മാനേജർ ഫാ. ബിജു പാണേങ്ങാടൻ, ഇംഗ്ലീഷ് അധ്യാപകൻ ഫാ. സ്റ്റിഷിന് എന്നിവർ ക്യാമ്പ് സന്ദർശിച്ചു വളന്റിയേഴ്സുമായി സ്നേഹാശംസകൾ പങ്കുവച്ചു. പെൺകുട്ടികളുടെ വിവാഹപ്രായം **21** എന്ന വിഷയത്തിൽ ചർച്ച സംഘടിപ്പിച്ചു .ടാസ്ക്കുകളിലും ,ഗെയിമുകളിലും എല്ലാവരും സജീവമായി പങ്കെടുത്തു. ക്യാമ്പ് വിലയിരുത്തലോടെ അന്നത്തെ പ്രവർത്തനങ്ങൾ അവസാനിച്ചു.






# സാഥി 2021- അഞ്ചാം ദിനം

ക്യാമ്പിന്റെ അഞ്ചാം ദിനമായ ഡിസംബർ ഇരുപത്തിയേഴിന് രാവിലെ ആറരയുടെ അസംബ്ലിയോടെ പ്രവർത്തനങ്ങൾ ആരംഭിച്ചു. തുടർന്ന് യോഗക്ലാസ്സ് നടന്നു. തുടർന്ന് പത്ത് മണിക്ക് സെന്റ് തോമസ് കോളേജിലെ മുൻ ഹിസ്റ്ററി ആൻഡ് ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് തലവൻ ജോർജ് അലക്സ് സർ, സാമൂഹ്യ സേവനത്തിലൂടെ വ്യക്തിത്വവികസനം എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു. അതുകഴിഞ്ഞ് ഭക്ഷണ സമയവും അതിനുശേഷം പഠനസമയവും ആയിരുന്നു. പിന്നീട് കൾച്ചറൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ കൾച്ചറൽ ആക്ടിവിറ്റീസ് നടന്നു. വൈകീട്ട് ആറ് മണിയോടുകൂടി വില്ലി ജോജോ മാഡം കോവിഡും മാനസിക ആരോഗ്യവും എന്ന വിഷയത്തിൽ ക്ലാസെടുത്തു അതുകഴിഞ്ഞ് ഒരു ഗ്രൂപ്പ് നാടകം അവതരിപ്പിച്ചു, കൾച്ചറൽ പരിപാടികളും അതിനു ശേഷം നടന്നു. ക്യാമ്പ് റിപ്പോർട്ട് അവതരണത്തിലൂടെ അന്നത്തെ പരിപാടികൾ അവസാനിച്ചു.











# സാഥി 2021 - ആറാം ദിനം.

ക്യാമ്പിന്റെ ആറാം ദിനമായ ഡിസംബർ ഇരുപത്തിയെട്ടിന് രാവിലെ അസംബ്ലിയും അതേത്തുടർന്ന് യോഗ ക്ലാസ്സും നടത്തപ്പെട്ടു. വനിത പൊലീസ് ഓഫീസറായ പ്രതിഭ മാം സെൽഫ് ഡിഫൻസിനെക്കുറിച്ച് ക്ലാസ്സെടുത്തു. അതിനുശേഷം വനിത ശിശു വികസന വകുപ്പിന്റെ ഭാഗമായി ഷീല മാം ജന്റർ സെൻസിടൈസെഷൻ എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സെടുത്തു. തുടർന്ന് നടന്ന എല്ലാ കാലാപരിപാടികളിലും ടാസ്കുകളിലും വളന്റിയേഴ്സ് ആവേശപൂർവ്വം പങ്കെടുത്തു. അന്നേദിവസം തന്നെ ക്യാമ്പ് വിലയിരുത്തലും നടന്നു.









# സാഥി : സമാപനസമ്മേളനം

ഡിസംബർ ഇരുപത്തിയൊമ്പത് ബുധനാഴ്ച എൻ എസ് എസ് സപ്തദിന സഹവാസ ക്യാമ്പ് സാഥി **2021** ന്റെ അവസാന ദിവസം രാവിലെ പത്തു മണിയോടെ തുടങ്ങിയ സമാപന സമ്മേളണം പതിനൊന്നരയോടെ അവസാനിച്ചു. പ്രിൻസിപ്പാൾ ഡോ. ഫാ.മാർട്ടിൻ കെ എ ,നിർമ്മല ഹൈസ്കൂൾ ഹെഡ്മിസ്ട്രസ്സ് ത്രേസ്യ തോമസ് കെ,പ്രോഗ്രാം ഓഫീസർമാരായ പ്രൊഫ. രഞ്ജിത്ത് വർഗീസ്,
ഡോ.വിമല കെ ജോൺ
എന്നിവർ സമാപന സമ്മേളനത്തിൽ പങ്കെടുത്തു. സപ്തദിന ക്യാമ്പിന്റെ ഓരോ ദിവസത്തെയും പ്രവർത്തനങ്ങളുടെ അവലോകന റിപ്പോർട്ട് വളന്റിയർമാരായ സ്റ്റാൽവിനും ആര്യ പ്രമോദും സമാപന സമ്മേളനത്തിൽ വായിച്ചു. കൂടാതെ വളന്റിയേഴ്സിന്റെ വിവിധ കഴിവുകൾ വ്യക്തമാക്കുന്ന മാഗസിനായ 'മികവ്' പ്രിൻസിപ്പാൾ പ്രകാശനം ചെയ്തു.













# ട്രാഷ് ഇറ്റ് തൃശ്ശൂർ: ഡിസ്ട്രിക്ട് എജ്യൂക്കേഷണൽ ഓഫീസ്

ജനുവരി ഒന്നിനു സെന്റ് തോമസ് കോളേജ് നാഷണൽ സർവീസ് സ്കീം വളന്റിയേഴ്സ് തൃശ്ശൂർ ഡിസ്ട്രിക്ട് എജ്യൂക്കേഷണൽ ഓഫീസ് വൃത്തിയാക്കി. പ്രോഗ്രാം ഓഫീസർ പ്രൊഫ. രഞ്ജിത്ത് വർഗീസിന്റെ നേതൃത്വത്തിൽ രണ്ട് ബാച്ചിലെയുമുൾപ്പെടെ പതിനഞ്ച് വളന്റിയേഴ്സ് ശുചീകരണ പ്രവർത്തനത്തിൽ സജീവമായി പങ്കെടുത്തു. രാവിലെ പത്തിന് ആരംഭിച്ച ശുചീകരണ പ്രവർത്തനങ്ങൾ ഉച്ചയ്ക്ക് ഒരു മണിയോടെ സമാപിച്ചു.











# ട്രാഷ് ഇറ്റ് തൃശ്ശൂർ: തൃശ്ശൂർ വില്ലേജ് ഓഫീസ്

ജനുവരി ഒന്നിനു സെന്റ് തോമസ് കോളേജ് നാഷണൽ സർവീസ് സ്കീം വളന്റിയേഴ്സ് തൃശ്ശൂർ വില്ലേജ് ഓഫീസ് വൃത്തിയാക്കി. പ്രോഗ്രാം ഓഫീസർ പ്രൊഫ. രഞ്ജിത്ത് വർഗീസിന്റെ നേതൃത്വത്തിൽ രണ്ട് ബാച്ചിലെയുമുൾപ്പെടെ പതിനഞ്ച് വളന്റിയേഴ്സ് ശുചീകരണ പ്രവർത്തനത്തിൽ സജീവമായി പങ്കെടുത്തു. രാവിലെ പത്തിന് ആരംഭിച്ച ശുചീകരണ പ്രവർത്തനങ്ങൾ ഉച്ചയ്ക്ക് ഒരു മണിയോടെ സമാപിച്ചു.



# ഹർനാസ് സന്ധു

മിസ് യൂണിവേഴ്സ് **2021** സൗന്ദര്യമത്സരത്തിൽ കിരീടം നേടിയ ഹർനാസ് സന്ധുവിനെക്കുറിച്ച് വളന്റിയർ ഹരികൃഷ്ണൻ ആർ യൂണിറ്റിന്റെ പോഡ്കാസ്റ്റായ സോഷ്യോപോഡ്സിലൂടെ സംസാരിച്ചു. കരുത്തും കഠിനാധ്വനവും ഉണ്ടെങ്കിൽ നമുക്ക് എത്ര ഉയരത്തിൽ വേണമെങ്കിലും എത്തിചേരാമെന്നും കൂട്ടിചേർത്തു.




# ഒരു പുതുവത്സരം കൂടി -2022

സ്നേഹവും സന്തോഷവും പുത്തന് പ്രതീക്ഷകളും നിറഞ്ഞ പുതുവത്സര ആശംസകൾ നേർന്നുകൊണ്ട് പോസ്റ്റർ നിർമ്മിച്ചു.




# ആഗോള കുടുംബ ദിനം


ആഗോള കുടുംബ ദിനമായ ജനുവരി ഒന്നിന് പോസ്റ്റർ നിർമ്മിച്ചു.



# അഗ്വഞ്ചർ

അഗ്വഞ്ചർ എന്ന പേരിൽ തൃശ്ശൂർ സെന്റ് തോമസ് കോളേജിന്റെ പുതിയ ക്യാമ്പസിൽ ആരംഭിച്ച കൃഷി പുരോഗമിക്കുന്നു. ഈ ആഴ്ചയിൽ വെള്ളി, ശനി ദിവസങ്ങളിലായി രാവിലെ ഒമ്പത് മുതൽ വൈകീട്ട് നാല് വരെ പതിനേഴോളം വളന്റിയേഴ്സ് കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. അതിൽ കൂടുതലും **2021-23** ബാച്ചിലെ വളന്റിയേഴ്സായിരുന്നു










**ചോദ്യം ഉത്തരം**


**എൻ എസ് എസ് ദേശീയ അവാർഡ് എന്തിനാണ് നൽകുന്നത്?**

**ഭാരതത്തിലെ ഏറ്റവും മികച്ച എൻ എസ് എസ് പ്രവർത്തനങ്ങൾക്ക്.**

# അക്ഷരാഗ്നി

**-മീട്ടു മനോജ്**

കുറേ നേരം ഒറ്റയ്ക്കിരുന്നതുകൊണ്ട് ആയിരിക്കണം അവൾ ഒരുപാട് ചിന്തകളുടെ കെട്ടഴിച്ചതിനുശേഷം നഷ്ടപുസ്തകം തുറന്നു. പുസ്തകത്തിന്റെ ഏടുകളിൽ എഴുതാൻ പുതിയ, പാതിവഴിയിൽ നിന്നുപോവുന്ന ഒരു കഥ എഴുതാൻ ബാക്കിയാണ്. എന്തുകൊണ്ടോ അനാവശ്യമായി ആഗ്രഹിച്ചതിനാൽ ആയിരിക്കണം ആഹ് കഥ നഷ്ടപുസ്തകത്തിന്റെ ഇരുണ്ട ഏടിൽ എഴുതാൻ അവൾക്കു മനസ്സ് വന്നില്ല. അല്ലെങ്കിലും ആവശ്യമില്ലാത്ത ആഗ്രഹങ്ങളോട് വല്ലാത്തൊരു ഇഷ്ടമാണല്ലോ!.മനസ്സിൽ ഒരുന്നൂറ് ചോദ്യങ്ങൾ ചിന്നി ചിതറി.അപ്രതീക്ഷിതമായി വന്ന്, ജീവിതത്തിൽ സ്ഥാനം പിടിക്കുന്നവർ അപ്രതീക്ഷിതമായി പോവുകയാണോ എന്ന ഭയം വളരെ ഭീകരമാണ്. അതു മനസ്സിനെ വന്നു പിടിച്ചുകുലുക്കികളയും.കളിച്ചും ചിരിക്കും വേദനകളെ മറക്കുന്നവരെ അവളൊരുപാട് വിമർശിച്ചതാണ്. എന്നാൽ അവൾ? പെട്ടെനാണ് ഒരു കൈ വന്ന് അവളെ തട്ടിയത്. നഷ്ടപുസ്തകത്തിലെ പുതിയ അഥിതി തന്നെ!. പെട്ടെന്നവൾ ആഹ് പുസ്തകം അടച്ചു എഴുന്നേറ്റു.കളിചിരിയോടെ, ഒരു പുതു പുഞ്ചിരിയോടെ, പുതിയ നഷ്ടത്തിന്റെ കണക്കു മറച്ച്,എന്നത്തേയും പോലെ പുതിയ വിശേഷങ്ങളെ കാതോർത്തു



**ചിന്താവിഷയം**:

"നമ്മുടെ ജീവിതത്തിലെ പല പ്രശ്നങ്ങൾക്കും കാരണം രണ്ട് കാര്യങ്ങളാണ്. ഒന്ന് നമ്മൾ ചിന്തിക്കാതെ പ്രവർത്തിക്കുന്നു. രണ്ട് നമ്മൾ പ്രവർത്തിക്കാതെ ചിന്തിച്ച് മാത്രം ഇരിക്കുന്നു."

-എ പി ജെ അബ്ദുൽ കലാം-

@nss_stc_42_144